**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 500** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ്

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിക്ക് നാളിതുവരെ എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാക്കുന്നതിന് ഇനി എത്ര തുക ആവശ്യമായിവരുമെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 7.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതിക്ക് നിലവിൽ 113.02 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയാണുള്ളത്. നിലവിലുള്ള ബിൽ തുക കഴിച്ച് ബാക്കി ഏകദേശം 79 കോടി രൂപയോളം ആവശ്യമായി വരും.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 61.77 ശതമാനം പൂർത്തിയായിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**